"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊഭവ- കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ഭവന സമുന്നതി പദ്ധതിയ്ക്കായി (2022-23) വകയിരുത്തിയ തുക ടേം ലോൺ അസിസ്റ്റൻസ് പദ്ധതിയുടെ (2022-23) നടത്തിപ്പിനായി വിനിയോഗിച്ച കോർപ്പറേഷൻ എം.ഡി യുടെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.750/2025/GAD തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:- 1) സ.ഉ(സാധ)നം.2801/2022/പൊഭവ തീയതി 05.07.2022

2) സ.ഉ(സാധ)നം.2994/2022/പൊഭവ തീയതി 15.07.2022

3) സ.ഉ(സാധ)നം.3762/2022/പൊഭവ തീയതി 29.08.2022

4) സ.ഉ(സാധ)നം.1344/2023/പൊഭവ തീയതി 31.03.2023

5) 07.07.2023 ലെ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ യോഗ നടപടിക്കുറിപ്പ്

6) കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 26/07/2023 ലെ 227/A1/2022/KSWCFC നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ഭവന സമുന്നതി പദ്ധതിയ്ക്ക് (2022-23) പരാമർശം 1 പ്രകാരം ആകെ 414 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ആയതിൽ നിന്നും ആകെ 263 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണത്തിനായി ചെലവഴിക്കുകയുണ്ടായി. കൂടാതെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന സംരംഭ സമുന്നതി പദ്ധതി-ടേം ലോൺ അസിസ്റ്റൻസ് പദ്ധതി (TERMLOAN ASSISTANCE-INTEREST SUBSIDY SCHEME PROMOTING SELF EMPLOYMENT (2022-23) യുടെ നടത്തിപ്പിനായി പരാമർശം 2 പ്രകാരം 545 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും പദ്ധതി നടത്തിപ്പിനായി ആകെ 250 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയിൽ ആകെ 1843 SHGs/JLG കളെ തിരഞ്ഞെടുക്കുകയും ഉണ്ടായി. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ആകെ 2,72,98,303/- രൂപ ആവശ്യമായി വന്നു. ഈ സാഹചര്യത്തിൽ 1688 SHGs/JLG കൾക്ക് ആദ്യ ഘട്ടത്തിൽ ആനുകല്യം വിതരണം ചെയ്യുകയും ഇതിനായി 2,49,82,893/- ചെലവാകുകയുമുണ്ടായി. തുടർന്ന് തെരഞ്ഞടുത്തതിൽ ബാക്കിയുള്ള 155 SHGs/JLG കൾക്ക് കൂടി ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ആകെ 23,15,410/- രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി നാന്നൂറ്റിപത്ത് രൂപ മാത്രം) കൂടി ആവശ്യമായി വന്നതായും ടി സാഹചര്യത്തിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം ടി

തുക ഭവന സമുന്നതി പദ്ധതിയ്ക്കായി അനുവദിച്ചതിൽ നിന്നും കണ്ടെത്തുകയും ആയത് സംരംഭ സമുന്നതി പദ്ധതി-ടേം ലോൺ അസിസ്റ്റൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. ഈ നടപടിയ്ക്ക് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 6 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ഭവന സമുന്നതി പദ്ധതിയ്ക്കായി (2022-23) പരാമർശം 1 പ്രകാരം അനുവദിച്ച 414 ലക്ഷം രൂപയിൽ നിന്നും 23,15,410/- രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി നാന്നൂറ്റിപത്ത് രൂപ മാത്രം) കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന സംരംഭ സമുന്നതി പദ്ധതി-ടേം ലോൺ അസിസ്റ്റൻസ് പദ്ധതിയുടെ (TERMLOAN ASSISTANCE-INTEREST SUBSIDY SCHEME PROMOTING SELF EMPLOYMENT (2022-23) 155 SHGs/JLG കളുടെ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച എം.ഡി യുടെ നടപടി ഭാവിയിൽ ഇത്തരം കേസ്സുകളിൽ സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളസംസ്ഥാന മുന്നാക്ക ക്ഷേമ കോർപ്പറേഷൻ
എൽ.2, കുലീന, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ(പി.യു.സി) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 18-02-2025 15:52:42
സെക്ഷൻ ഓഫീസർ